'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - കരവാരം ഗ്രാമ പഞ്ചായത്ത് - 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ Project No. 76/2024 ലൈഫ് പദ്ധതിയുടെ ഗുണഭോക്താവിന് വികസന ഫണ്ട് - (എസ്.സി.എസ്.പി) ശീർഷകത്തിൽ നിന്നും നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

### ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്

സ.ഉ.(സാധാ)നം.3481/2025/ധന  തീയതി, തിരുവനന്തപുരം, 08-04-2025

---

പരാമർശം : 1. കരവാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 06/02/2025 ലെ എസ്.സി1-1160/2024 നം. കത്ത്

2. 25/03/2024 തീയതിയിലെ ആറ്റിങ്ങൽ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

## ഉത്തരവ്

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ Project No. 76/2024 ലൈഫ് പദ്ധതിയുടെ ഗുണഭോക്താവിന് (ശ്രീമതി. കമലമ്മ ജെ.) വികസന ഫണ്ട് (എസ്.സി.എസ്.പി) ശീർഷകത്തിൽ നിന്നും അനുവദിച്ചതും അക്കൗണ്ട് നമ്പറിലെ പിശക് കാരണം ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 40,000/- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം കരവാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ആറ്റിങ്ങൽ സബ് ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രിത്തിന്റെയും, പരാമർശം (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ Project No. 76/2024 ലൈഫ് പദ്ധതിയുടെ ഗുണഭോക്താവിന് (ശ്രീമതി. കമലമ്മ ജെ.) നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റെ 3604-00-200-

81-(10)-35 (എസ്.സി.എസ്.പി) ശീർഷകത്തിൽ നിന്നും കരവാരം ഗ്രാമപഞ്ചായത്തിന് (G010203) 40,000/- രൂപ (നാൽപതിനായിരം രൂപ മാത്രം) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ശ്രീമതി. കമലമ്മ ജെ. യുടെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കരവാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കരവാരം ഗ്രാമപഞ്ചായത്ത് , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യു-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3057029)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ